©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്

## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| **Vol. LIV**<br>വാല്യം 54 | THIRUVANANTHAPURAM, TUESDAY<br>തിരുവനന്തപുരം, ചൊവ്വ | **20th October 2009**<br>2009 ഒക്ടോബർ 20<br>**28th Aswina 1931**<br>1931 ആശ്വിനം 28 | **No.**<br>നമ്പർ | **41** |

# PART III

# Industries Department

PROCEEDINGS

OF THE GENERAL MANAGER, DISTRICT INDUSTRIES CENTRE, PATHANAMTHITTA

(1)

No. D/2361/2008. *22nd August 2009.*

*Ref.*—Enquiry Report No. JCI/71/08, dated 16-8-2008 of JCI (1).

The Sree Prabha ICS, Ltd. No. S. IND (PTA)-71, Kulanada is registered with Industries Department on 19-11-1997. The objective of the society is manufacturing selling of Pickles and Curry Powder. The society was dormant from 28-4-2000. Section-65 enquiry was ordered and the Enquiry Officer reported that there is no scope for reviving the society. The members of the society are not interested to continue the function of the society and recommended to liquidate the society. Hence this order.

ORDER

In the circumstances, stated above, in exercise of powers delegated upon me as per the Kerala Co-operative Society's Act-1969, as Registrar of Industrial Co-operative Societies, I do hereby appoint Sri Biju, T. S., JCI (HL) of this office as liquidator of M/s. Sree Prabha Industrial Co-operative Society, Ltd. No. S. Ind-PTA-71, Kulanada, Pandalam as per section-72 (1) of the KCS's Act.

The liquidator is directed to take charge and control of the society and complete the liquidation work, within one year and windup the affairs of the society.

(2)

No. D/2730/2008. *22nd August 2009.*

*Ref.*—Enquiry Report No. Nil, dated 18-10-2008 of JCI (HQ).

The Vechoochira Vanitha ICS, Ltd. No. S. IND (PTA)-42, Mannadissala is registered with Industries Department on 11-9-1994. The objective of the society is manufacturing of Rubber Bands. The society was dormant

from 2000 onwards. Section-65 enquiry was ordered and the enquiry Officer reported that there is no scope for residing the society. The members of the society are not interested to continue the function of the society and recommended to liquidate the society. Hence this order.

ORDER

In the circumstances, stated above, in exercise of powers delegated upon me as per the Kerala Co-operative Society's Act, 1969, as Registrar of Industrial Co-operative Societies, I do hereby appoint Sri Biju, T. S., JCI (HL) of this Office as liquidator of M/s. Vechoochira Vanitha Industrial Co-operative Society Ltd. No. S. Ind-PTA-42, Mannadissala as per Section-72 (1) of the KCS's Act.

The liquidator is directed to take charge and control of the society and complete the liquidation work, within one year and windup the affairs of the society.

District Industries Centre, (Sd.)
Pathanamthitta. *General Manager.*

നോട്ടീസ്

നമ്പർ ലിക്വിഡേറ്റർ/ആലപ്പി 50/1/2009. 2009 ആഗസ്റ്റ് 26.

ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 4-8-2009-ാം തീയതിയിലെ ജി. 387/09-ാം നമ്പർ ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ സ്ഥിതിചെയ്യുന്ന എസ്. ഇൻഡ് (എ) 50-ാം നമ്പർ ആലപ്പുഴ സൈക്കിൾ അസംബ്ലിംഗ് വർക്കേഴ്സ് വ്യവസായ സഹകരണ സംഘം ലിക്വിഡേറ്റ് ചെയ്യുന്നതിന് ഉത്തരവാകുകയും ജില്ലാ വ്യവസായ കേന്ദ്രം ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ (ഇൻഡ്) ആലപ്പുഴയെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിക്കുകയും ലിക്വിഡേറ്റർ ടി സംഘത്തിന്റെ ചുമതല ഏൽക്കുകയും ചെയ്തിട്ടുണ്ട്. ടി സംഘത്തിൽനിന്ന് ആർക്കെങ്കിലും എന്തെങ്കിലും കിട്ടുവാനുണ്ടെങ്കിൽ ആ വിവരം ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ 60 ദിവസത്തിനകം ലിക്വിഡേറ്ററെ രേഖാമൂലം അറിയിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന യാതൊരുവിധ അവകാശവാദങ്ങളും പരിഗണിക്കുന്നതല്ലെന്നും ഇതിനാൽ എല്ലാവരേയും അറിയിക്കുന്നു.

ആലപ്പുഴ സൈക്കിൾ അസംബ്ലിംഗ്
വർക്കേഴ്സ്, വ്യവസായ സഹകരണ
സംഘം ക്ലിപ്തം നമ്പർ
എസ്. ഇൻഡ് (എ) 50, (ഒപ്പ്)
ആലപ്പുഴ. ലിക്വിഡേറ്റർ.

ലേലപ്പരസ്യം

നമ്പർ എൽ. ഐ. സി./576/96. 2009 ആഗസ്റ്റ് 17.

ലിക്വിഡേഷനിലിരിക്കുന്ന താഴെ വിവരിക്കുന്ന സംഘത്തിന്റെ വസ്തുവും അതിലുൾപ്പെട്ട മറ്റു വകകളും അവ എങ്ങിനെയാണോ കിടക്കുന്നത് ആയതുപ്രകാരം 2009 ഡിസംബർ 4-ാം തീയതി വെള്ളിയാഴ്ച പകൽ 11 മണിക്ക് സംഘം സ്ഥലത്തുവച്ച് വടക്കൻ പറവൂർ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ (ലിക്വിഡേഷൻ) പരസ്യമായി ലേലത്തിലോ/മുദ്രവച്ച ടെണ്ടർ മുഖേനയോ വിൽക്കുന്നതാണ്. ലേലത്തിൽ പങ്കുകൊള്ളാൻ ആഗ്രഹിക്കുന്നവർ നിശ്ചിത സ്ഥലത്തും സമയത്തും ഹാജരായി 30,000 (മുപ്പതിനായിരം രൂപ മാത്രം) രൂപ നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കുകൊള്ളേണ്ടതാണ്. ടെണ്ടർ സമർപ്പിക്കുമ്പോൾ ടെണ്ടറിനോടൊപ്പം 30,000 രൂപ നിരതദ്രവ്യം അടച്ചതിന്റെ രസീത് കൂടി സമർപ്പിക്കേണ്ടതാണ്. മുദ്രവച്ച ടെണ്ടറുകൾ 3-12-2009-ന് 3 മണിക്ക് മുമ്പായി ലിക്വിഡേറ്റർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. ലേല നടപടികൾക്കുശേഷം ടെണ്ടറുകൾ തുറന്ന് പരിശോധിക്കുന്നതുമാണ്.

ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം/ടെണ്ടർ വിളിക്കുന്ന ആളിന്റെ പേരിൽ ലേലം/ടെണ്ടർ താത്ക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ലേലം/ടെണ്ടർ തുകയിൽ മൂന്നിൽ ഒരു ഭാഗം ഉടനെ കെട്ടിവയ്ക്കേണ്ടതുമാണ്. ബാക്കി സംഖ്യ ലേലം സ്ഥിരപ്പെടുത്തിയതായി അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം വടക്കൻ പറവൂർ കയർ പ്രോജക്ട് ഓഫീസിലെ സംഘം ലിക്വിഡേറ്റർ വശം ഒടുക്കി രസീത് കൈപ്പറ്റേണ്ടതാണ്. അല്ലാത്തപക്ഷം ഒടുക്കിയ സംഖ്യ മടക്കി കൊടുക്കുന്നതല്ലാത്തതും ആവർത്തിച്ച് ലേലം നടത്തുന്നതും അതിൽ ഉണ്ടാകുന്ന സകല നഷ്ടങ്ങളും ആദ്യ ലേലക്കാരനിൽനിന്നും കര കുടിശ്ശിക ആക്റ്റ് പ്രകാരം ഈടാക്കുന്നതും എന്നാൽ, ആവർത്തന ലേലത്തിൽ കൂടുതൽ തുക വന്നാൽ ആയതിന് ആദ്യ ലേലക്കാരന് അവകാശമില്ലാത്തതും കൂടാതെ, അയാൾ കെട്ടിവയ്ക്കുന്ന നിരതദ്രവ്യം നഷ്ടപ്പെടുന്നതുമാണ്. താൽക്കാലികമായി സ്ഥിരപ്പെടുത്തിയിട്ടുള്ള ലേലം തിരുവനന്തപുരം കയർ വികസന ഡയറക്ടറുടെ അംഗീകാരം ലഭിക്കുന്നതിനനുസരിച്ച് കൂടുതൽ തുകയ്ക്ക് പിടിച്ചിട്ടുള്ള ആളിന്റെ പേരിൽ സ്ഥിരപ്പെടുത്തുന്നതുമാണ്.

ലേലം മാറ്റി വയ്ക്കുന്നതിനും യുക്തമെന്ന് തോന്നുന്ന പക്ഷം സ്ഥിരപ്പെടുത്താതിരിക്കുന്നതിനും ലിക്വിഡേറ്റർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. വസ്തുവിനെ സംബന്ധിച്ച് വല്ല ന്യൂനതകളോ ബാധ്യതകളോ ഉണ്ടായിരുന്നാൽ സംഘം ലിക്വിഡേറ്ററോ, ഗവൺമെന്റോ ഉത്തരവാദികളായിരിക്കുന്നതല്ല.

സംഘത്തിന്റെ പേര്—ഗോതുരുത്ത് കയർ വ്യവസായ സഹകരണ സംഘം ലി. നമ്പർ E/576.

ജില്ല—എറണാകുളം.

താലൂക്ക്—നോർത്ത് പറവൂർ.

വില്ലേജ്—ചേന്ദമംഗലം.

സർവ്വേ നമ്പർ—82, 83/3.

വിസ്തീർണ്ണം—14.150 സെന്റ്.

ലേലത്തെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലിക്വിഡേറ്ററിൽ നിന്ന് അറിയാവുന്നതാണ്.

(ഒപ്പ്)
പ്രോജക്ട് ഓഫീസ് (കയർ), ലിക്വിഡേഷൻ ഇൻസ്പെക്ടർ
നോർത്ത് പറവൂർ. (കയർ).

## PROCEEDINGS

OF THE REGISTRAR OF INDUSTRIAL CO-OPERATIVE SOCIETIES/ GENERAL MANAGER, DISTRICT INDUSTRIES CENTRE, PALAKKAD

No. VI/3500/2008. *21st August 2009.*

*Read:*— 1. This Office Proceedings of even No. dated 29-9-2008.

2. Report of Administrator dated 16-12-2008.

3. Letter from PDC Bank dated 27-7-2009.

As per the order read 1st Senior Co-operative Inspector (HL), HQ was posted as Administrator. He has taken charge of the above society and submitted the report vide read 2nd recommending to wind up the affairs of the Society. As per the letter read 3rd, the Palakkad District Co-operative Bank has intimated no objection for the winding up of the said Society. Hence the order.

ORDER

In the circumstances stated above, and in exercise of the powers conferred upon me as per Section 70(1) of the KCS Act, 1969, I do hereby order to wind up the affairs of the Pudussery Pattikajathi Metal Workers ICS No. S. IND(P) 73, Industrial Estate, Kanjikode. The Senior Co-operative Inspector (Inds.), Taluk Industries Office, Palakkad is appointed as Liquidator of the above society under Section 72(1) of the KCS Act, 1969. The Liquidator will take charge of the assets and registers of the said society and report compliance forthwith.

The Liquidator will complete the Liquidation proceedings immediately and also report of progress on liquidation works quarterly without fail.

(Sd.)

District Industries Centre, Palakkad. *Registrar of ICS/ General Manager.*

## കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമങ്ങൾ

നമ്പർ സി.3-7933/2008. 2009 ആഗസ്റ്റ് 26.

സൂചന:— ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറുടെ 28-4-2009-ലെ 1/09-ാം നമ്പർ ഉത്തരവ്.

ബേപ്പൂർ വുമൺ ICS ലിമിറ്റഡ് S. IND (D) 319 എന്ന സംഘം 13-3-1996-ൽ 17 മെമ്പർമാരുമായി രജിസ്റ്റർ ചെയ്യുകയും 11-4-1996-ൽ പ്രവർത്തനമാരംഭിക്കുകയുമുണ്ടായി. മെമ്പർമാരിൽനിന്ന് 34,000 രൂപ ഷെയർ ഇനത്തിൽ പിരിഞ്ഞു കിട്ടുകയും സംഘത്തിന് അനുവദിച്ച ഗ്രാന്റ് 2 ലക്ഷം രൂപയിൽ 1,14,375 രൂപ ഗവൺമെന്റിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. സംഘത്തിന് ആസ്തിയായി 7 തയ്യൽ മെഷീൻ, ഒരു എംബ്രോയിഡറി മെഷീൻ, ഒരു ഓവർലോക്ക് മെഷീൻ കൂടാതെ, കുറച്ച് ഫർണിച്ചറുകളും ഉണ്ട്. സംഘത്തിന്റെ ഭരണസമിതിയുടെ കാലാവധി കഴിഞ്ഞിട്ടും പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിന് സംഘം യാതൊരു താത്പര്യവും കാണിക്കാത്ത സാഹചര്യത്തിൽ 26-2-2008-ന് സംഘം അഡ്മിനിസ്ട്രേറ്ററുടെ ചാർജിൽ വരുകയും അഡ്മിനിസ്ട്രേറ്റർ ഭരണസമിതി രൂപീകരണത്തിന് പലതവണ ശ്രമിച്ചിട്ടും ആരും തന്നെ നോമിനേഷൻ സമർപ്പിച്ചില്ല. അന്വേഷണത്തിൽ മെമ്പർമാർക്ക് ആർക്കുംതന്നെ സംഘത്തിന്റെ പ്രവർത്തനവുമായി സഹകരിക്കാൻ താൽപര്യമില്ല എന്ന് അറിയാൻ കഴിഞ്ഞതായും സംഘം ലിക്വിഡേറ്റ് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഇൻസ്പെക്ടർ സൂചന പ്രകാരം ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഉത്തരവ്

മേൽ പരാമർശിച്ച സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ നിയമം 71-ാം വകുപ്പ് പ്രകാരം എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്തിൻമേൽ ബേപ്പൂർ വുമൺ ICS Ltd. S. IND(D) 319 ന്റെ സമാപ്തീകരണ നടപടികൾക്കായി ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ (വ്യവ.) കോഴിക്കോടിനെ ലിക്വിഡേറ്ററായി നിയമിച്ചിരിക്കുന്നു.

ലിക്വിഡേഷൻ ഉത്തരവ് ലഭിച്ചയുടനെ ലിക്വിഡേറ്റർ ചാർജ്ജ് എടുക്കേണ്ടതും പ്രസ്തുത വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്. കൂടാതെ, 1969-ലെ സഹകരണ മിയമം ചട്ടം 69 പ്രകാരം തുടർ നടപടി സ്വീകരിച്ച് സമയപരിധിക്കുള്ളിൽ ലിക്വിഡേഷൻ ജോലികൾ പൂർത്തീകരിക്കേണ്ടതുമാണ്.

(ഒപ്പ്)

കോഴിക്കോട്. ജനറൽ മാനേജർ.